# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 625 06.02.2013-ലെ മറുപടിക്ക്**

## <u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |

| | | |
|---|---|---|
| (എ) | 2011-12, 2012-2013 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനം ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടുണ്ടോ; എങ്കിൽ ഏതുമാസങ്ങളിൽ; എത്ര കോടി രൂപ വീതമെന്ന് വ്യക്തമാക്കുമോ; | 2011-12 സാമ്പത്തിക വർഷത്തിലും, 2012-2013 സാമ്പത്തിക വർഷം ഇതുവരെയും സംസ്ഥാനം ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് ട്രഷറികൾ പൂട്ടേണ്ട അവസ്ഥ നിലവിലുണ്ടോ ; | ട്രഷറികൾ പൂട്ടേണ്ട സാഹചര്യം നിലവിലില്ല. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം ഇനി എത്ര കോടി രൂപ നൽകാനുണ്ട് ; കോൺട്രാക്ടർമാർക്ക് ആകെ നൽകാനുള്ള തുക എത്രയാണ് ; | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതത്തിന്റെ അവസാന ഗഡുവായ 605 കോടി രൂപ കൂടി നൽകുവാനുണ്ട്. 01.11.2012 മുതൽ 30.11.2012 വരെയുള്ള ബില്ലുകൾക്കായി, പൊതുമരാമത്ത് (നിരത്തുകളും, പാലങ്ങളും) വകുപ്പിലെ കോൺട്രാക്ടർമാർക്ക് 91.59 കോടി രൂപ കൂടി നൽകുവാനുണ്ട്. |
| (ഡി) | ട്രഷറി നിക്ഷേപം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ? | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ/ സ്വയംഭരണ സ്ഥാപനങ്ങൾ / വെൽഫെയർ ഫണ്ട് ബോർഡുകൾ എന്നിവയ്ക്ക് സംസ്ഥാന സർക്കാർ വിഹിതമായി നൽകിയ ഫണ്ടുകൾ സർക്കാർ ട്രഷറികളിൽ മാത്രമേ നിക്ഷേപിക്കാവൂ എന്നും അവയുടെ സ്വന്തം ഫണ്ടുകൾ സർക്കാർ ട്രഷറികളിൽ സ്ഥിര നിക്ഷേപങ്ങളെക്കാൾ ഉയർന്ന പലിശ ലഭ്യമാകുന്നെങ്കിൽ മാത്രമേ മറ്റ് ബാങ്കുകളെ ആശ്രയിക്കാവൂ എന്നും അല്ലാത്തപക്ഷം ട്രഷറികളിൽ മാത്രമേ നിക്ഷേപിക്കാവൂ എന്നും നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്.<br>കേരള സംസ്ഥാന ബിവറേജ് കോർപ്പറേഷന്റെ എല്ലാ നിക്ഷേപങ്ങളും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നും നിലവിൽ മറ്റ് ബാങ്കുകളിൽ നിലനിൽക്കുന്ന നിക്ഷേപങ്ങൾ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ട്രഷറികളിൽ മാറ്റി നിക്ഷേപിക്കണമെന്നും നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്.<br>തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ക്ഷേമനിധി ബോർഡുകളിലെയും നിക്ഷേപങ്ങൾ സംസ്ഥാന ട്രഷറി സേവിംഗ്സ് ബാങ്കിൽ നിക്ഷേപിക്കുന്നു എന്നത് ഉറപ്പുവരുത്തുവാൻ ക്ഷേമനിധി ബോർഡുകളിലെ ചീഫ് കോ-ഓർഡിനേറ്റർ എന്ന നിലയിൽ ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ ട്രഷറി സ്ഥിര നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥിര നിക്ഷേപങ്ങൾ ക്യാൻവാസ് ചെയ്യുന്ന ട്രഷറി ഉദ്യോഗസ്ഥർക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ